Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

7478/സി/2018/കെഎസ്എച്ച്ഒ 10/12/2020

## ക്വട്ടേഷൻ നോട്ടീസ്

കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസിലെ ഉദ്യോഗസ്ഥർക്കായി പുതുതായി ഒരു കാന്റീൻ ആരംഭിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. താഴെപ്പറയുന്ന പട്ടികയിലെ വിഭവങ്ങൾ അതേ അളവിൽ ഒരു വർഷത്തേയ്ക്ക് വിതരണം ചെയ്യുന്നതിലേക്കായി കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷന് കീഴിലുള്ള കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസായി സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| Sl. No. | Menu | Quantity | Rate |
|---|---|---|---|
| 1 | ചായ | 1 കപ്പ് (150 ml) | |
| 2 | കോഫി | 1 കപ്പ് (150 ml) | |
| 3 | സ്നാക്സ് (കൊഴുക്കട്ട/സമോസ/ വട/പഴംപൊരി/ഉള്ളിവട/ പഴം പുഴുങ്ങിയത്/ കട്ലറ്റ്/ മറ്റുള്ളവ | 1 എണ്ണം | |
| 4 | പ്രഭാത ഭക്ഷണം<br>ഇഡ്ഡലി(4) , സാമ്പാർ, ചമ്മന്തി | 1 പ്ലേറ്റ് | |
| | അപ്പം | | |
| | കടലക്കറി / മുട്ടക്കറി/ മറ്റുള്ളവ | 1 പ്ലേറ്റ് | |
| 5 | രാത്രി ഭക്ഷണം<br>ചപ്പാത്തി (3) | | |
| | ചിക്കൻകറി | | |
| | കടലക്കറി / വെജ്കുറുമ | 1 പ്ലേറ്റ് | |
| 6 | ലൈം ജ്യൂസ് | 1 ഗ്ലാസ് | |
| 7 | വെജ് മീൽസ് (ചോറ്, സാമ്പാർ, പരിപ്പുകറി/പുളിശേരി, അവിയൽ/ എരിശേരി/പച്ചടി, തോരൻ, അച്ചാർ, പപ്പടം) | 1 പ്ലേറ്റ് | |
| 8 | ഫിഷ് കറി | 1 പ്ലേറ്റ് | |
| 9 | ഫിഷ് ഫ്രൈ | 1 പ്ലേറ്റ് | |
| 10 | പായസം | 1 കപ്പ് | |
| 11 | ഫ്രൈഡ് റൈസ് + ചിക്കൻകറി | 1 പ്ലേറ്റ് | |
| 12 | ഫ്രൈഡ് റൈസ് + വെജ് കറി | 1 പ്ലേറ്റ് | |

TRIDA Building, Medical College PO, Thiruvananthapuram 695011
T. 0471 255 4714, 255 4715 , 0471 255 4716, 0471 255 4717
info@kudumbashree.org www.kudumbashree.org

ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സ്ഥലം സംസ്ഥാന മിഷൻ നൽകുന്നതാണ്. ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പാത്രങ്ങൾ, വെള്ളം, ഗ്യാസ് എന്നിവയും മറ്റ് അവശ്യ സാധനങ്ങളും യൂണിറ്റുകൾ തന്നെ ക്രമീകരിക്കേണ്ടതാണ്.

ക്വട്ടേഷൻ ലഭിക്കുന്ന യൂണിറ്റ് എല്ലാ ദിവസവും(പൊതു അവധി ദിവസങ്ങൾ ഒഴികെ) രാവിലെ 9 മണി മുതൽ 6 മണി വരെ കാന്റീൻ പ്രവർത്തിപ്പിക്കേണ്ടതാണ്. ചായ, ലഘു ഭക്ഷണം, ഉച്ചയൂണ് (ഓർഡർ അനുസരിച്ചു) നൽകേണ്ടതുമാണ്. സംസ്ഥാനമിഷനിൽ ട്രെയിനിങ്ങുകൾ നടക്കുമ്പോൾ (അവധി ദിവസം ആണെങ്കിലും) ആവശ്യമെങ്കിൽ കൂടുതൽ ആളുകളെ നിയോഗിച്ചോ അല്ലെങ്കിൽ പുറമെ നിന്ന് പാചകം ചെയ്തോ ട്രെയിനിങ്ങിൽ പങ്കെടുക്കുന്നവർക്കും മുകളിൽ രേഖപ്പെടുത്തിയ റേറ്റിൽ തന്നെ ഭക്ഷണം നൽകേണ്ടതാണ്. ട്രെയിനിങ്ങിന്റെ ഭാഗമായി പ്രഭാത ഭക്ഷണം / രാത്രി ഭക്ഷണം നല്കാൻ ആവശ്യപ്പെടുന്ന പക്ഷം അതും യൂണിറ്റുകൾ നൽകേണ്ടതാണ്. ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം വൃത്തിയാക്കി വയ്ക്കേണ്ടത് യൂണിറ്റിന്റെ ഉത്തരവാദിത്വമാണ്. കുടുംബശ്രീ അനുശാസിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രക്രിയ യൂണിറ്റ് പാലിക്കേണ്ടതാണ്. കൂടാതെ ഹാൻഡ് വാഷ്/സോപ്പ്, ടിഷ്യു പേപ്പർ എന്നിവ ട്രെയിനിങ് ദിവസങ്ങളിൽ യൂണിറ്റ് നൽകേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിഭവങ്ങൾ വിലവിവരപ്പട്ടിക അനുസരിച്ചുള്ള റേറ്റിൽ നൽകുന്നതിനും മീൽസ്, ഫിഷ്കറി എന്നിവയ്ക്ക് കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്യുന്നതിനും താൽപ്പര്യമുള്ള യൂണിറ്റുകളിൽ നിന്നുമാണ് ക്വട്ടേഷനുകൾ ക്ഷണിക്കുന്നത്. ട്രെയിനിങ് ദിവസങ്ങളിൽ **100 പേരിൽ കൂടുതൽ വരുന്ന പക്ഷം ടി മെനു പ്രകാരമുള്ള വിഭവങ്ങൾക്ക് നല്കാൻ കഴിയുന്ന കുറഞ്ഞ നിരക്ക് പ്രത്യേകമായി ഇതോടൊപ്പം നൽകേണ്ടതാണ്.**

ക്വട്ടേഷനുകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സംസ്ഥാന മിഷൻ, ട്രിഡ ബിൽഡിംഗ്, മെഡിക്കൽ കോളേജ്.പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ സീൽ ചെയ്ത കവറിൽ അയച്ചുതരേണ്ടതാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്ന യൂണിറ്റ് കുടുംബശ്രീ ഡയറക്ടർ (എ&എഫ്) മായി കരാറിൽ ഏർപ്പെടേണ്ടതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി **30.12.2020 5 മണി**

ക്വട്ടേഷനുകൾ തുറക്കുന്ന തീയതി **04.01.2021 3.30 മണി**

ക്വാട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

വിശദ വിവരങ്ങൾക്ക് – 0471 2554714/15/16 എന്ന നമ്പരിലോ കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസുമായോ ബന്ധപ്പെടുക.

ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

<u>പകർപ്പ്</u>

1.നോട്ടീസ് ബോർഡ്

2.വെബ്സൈറ്റ്

3.കരുതൽ/അധികം

4.ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, തിരുവനന്തപുരം